**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4095 16.03.2017 ന് മറുപടിയ്ക്ക്.

**കാട്ടുമൃഗങ്ങൾക്ക് കുടിവെള്ളം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.വി.ഇബ്രാഹിം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കടുത്ത വേനൽ മുൻനിർത്തി കാട്ടിലെ മൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, ഏകദേശം അഞ്ഞൂറോളം ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യ യോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ 477 ഹെക്ടർ പ്രദേശത്ത് മുള തൈകൾ പുതിയതായി നട്ടു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രത്തിലിറങ്ങിയത് മൂലമുണ്ടായ ആകെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ ;വിശദീകരിക്കുമോ? | (ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രത്തിലിറങ്ങിയത് മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിലെ കണക്ക് പ്രകാരം നാശനഷ്ടം ഏകദേശം 1,36,18,032/- രൂപയാണ്. അപേക്ഷകളുടെ പരിശോധനയും തുടർ നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ